കേരളീയം

മുനിസിപ്പൽ മാർക്കറ്റ് ബിൽഡിംഗ്, കൊക്കാലെ, തൃശൂർ-21

ലക്കം 113

ലക്കം 12 • പുസ്തകം 8 • 2006 ഡിസംബർ • 1182 വൃശ്ചികം-ധനു • പേജ് 24 • വില 10 രൂപ

# അന്തർദേശീയ ജലമാഫിയ

വേണുഗോപാൽ, ക്വസ്റ്റ് ഫീച്ചേഴ്സ്

**വെള്ളത്തിന്റെ കാര്യത്തിൽ സാധാരണ ജനങ്ങൾക്കും തദ്ദേശീയ സർക്കാരുകൾക്കും പണ്ടുണ്ടായിരുന്ന നിയന്ത്രണം അതിവേഗത്തിൽ നഷ്ടപ്പെടുകയാണ്. ജനകീയ ജലാധികാരത്തിനായി നാം ഓരോരുത്തരും മുന്നിട്ടിറങ്ങിയാലേ രക്ഷയുള്ളൂവെന്നാണ് ലോകത്ത് ഇന്ന് ഭീഷണിയായി വളരുന്ന കുത്തകകൾ സൂചിപ്പിക്കുന്നത്.**

**1990കൾ** വരെ ലോകത്തിലെ മിക്ക രാജ്യങ്ങളിലും കുടിവെള്ള വിതരണവും മലിനജല പരിചരണവും നിർവ്വഹിച്ചിരുന്നത് അതാത് രാജ്യങ്ങളിലെ ഭരണകൂടങ്ങൾ തന്നെയായിരുന്നു. 90കളുടെ മദ്ധ്യത്തോടെ സർക്കാരുകൾ തങ്ങളുടെ പൊതു ഉത്തരവാദിത്വങ്ങളിൽനിന്ന് പിൻവാങ്ങാനും സ്വകാര്യ കുത്തകകളെ ഈ മേഖലകളിലേക്ക് സ്വാഗതം ചെയ്യാനും തുടങ്ങി. PPP (Public Private Participation), PSP (Private Sector Participation) തുടങ്ങിയ ചുരുക്കുവാക്കുകളും പ്രചാരത്തിൽവന്നു. തുടക്കത്തിൽ നാമമാത്രമായ സ്വകാര്യപങ്കാളിത്തമായിരുന്നു. ക്രമേണ സ്വകാര്യ മൂലധനത്തിന്റെ തോത് വർദ്ധിക്കുകയും പല രാജ്യങ്ങളിലും കുടിവെള്ള സ്രോതസ്സുകളുടെയും വിതരണത്തിന്റെയും പൂർണ്ണ ചുമതല സ്വകാര്യ മേഖലയ്ക്ക് കൈമാറപ്പെടുകയും ചെയ്തു. ഈ പ്രക്രിയയെ ത്വരിതപ്പെടുത്താനായാണ് തിരശ്ശീലയ്ക്കു പിന്നിൽ ജലമാഫിയകൾ രൂപം കൊണ്ടത്.

ലോക സ്വകാര്യ ജല വ്യാപാരത്തിന്റെ 70 ശതമാനത്തിലേറെ നിയന്ത്രിക്കുന്ന അഞ്ച് ഭീമൻ കമ്പനികളാണ് മാഫിയയുടെ സൂത്രധാരന്മാർ. സൂയസ് (ഫ്രാൻസ്), വിവെൻഡി (ഫ്രാൻസ്), അഗാസ് ഡി ബാർസിലോണാ (സ്പെയിൻ), തേംസ് വാട്ടർ (ഇംഗ്ലണ്ട്), സൗർ ഇന്റർനാഷണൽ (ഫ്രാൻസ്) എന്നിവയാണ് ഈ അഞ്ച് കമ്പനികൾ. സർക്കാരുകളിൽ നേരിട്ടു സമ്മർദ്ദം ചെലുത്തുക (ലോബിയിങ്ങ്) മാത്രമല്ല, അന്തർദേശീയ സാമ്പത്തിക സ്ഥാപനങ്ങൾ (ഉദാ:-എ.ഡി.ബി.) എൻ.ജി.ഒ.കൾ തുടങ്ങിയവ വഴി സ്വാധീനം ചെലുത്താനും ഇവ ശ്രമിക്കുന്നു. സാമ്പത്തിക സഹായം അല്ലെങ്കിൽ വായ്പ ലഭ്യമാക്കുന്നതിനെ അനേകം ദൃശ്യവും അദൃശ്യവുമായ ചരടുകൾ ഉപയോഗിച്ചു വരിഞ്ഞുമുറുക്കുക എന്നതാണ് ഒരു തന്ത്രം. ഇവരുടെ സ്വാധീനം വർദ്ധിച്ചുവർദ്ധിച്ച് ഐക്യരാഷ്ട്രസഭയുടെ കുടിവെള്ള അജണ്ടകളെ വരെ അട്ടിമറിക്കാനും തങ്ങളുടെ താല്പര്യ നിർവ്വഹണത്തിന് സഹായമാക്കാനും അവർക്ക് കഴിഞ്ഞിട്ടുണ്ട്.

വേൾഡ് വാട്ടർ കൗൺസിൽ (WWC), ഗ്ലോബൽ വാട്ടർ പാർട്ട്ണർഷിപ്പ് (GWP) തുടങ്ങിയ ആഗോള എൻ.ജി.ഒ.കളുടെ മറവിലാണ് സ്വകാര്യ കുത്തകകളുടെ കളികൾ അരങ്ങേറുന്നത്. ഈ രണ്ടു എൻ.ജി.ഒ.കളെയും വലിയൊരു പരിധിവരെ സ്പോൺസർ ചെയ്യുന്നതും സ്വകാര്യകമ്പനികളാണ്. കൂറ്റൻ ജലവൈദ്യുതി അണക്കെട്ടുകളുടെ പ്രണേതാക്കളായ ഇന്റർനാഷണൽ ഹൈഡ്രോപവർ അസോസിയേഷന്റെ പിന്തുണയും ഈ രണ്ടു സംഘടനകൾക്കുമുണ്ട്.

"ലോകത്തിലെ ജലസ്രോതസ്സുകളുടെ മെച്ചപ്പെട്ട വിനിയോഗത്തിനുവേണ്ടി ആഗോള ജലമുന്നേറ്റങ്ങളുടെ ശാക്തീകരണത്തിനായി സമർപ്പിതമായ അന്തർദേശീയ ജലനയ ധിഷണാശക്തി"യെന്നാണ് വേൾഡ് വാട്ടർ കൗൺസിൽ സ്വയം വിശേഷിപ്പിക്കുന്നത്. എന്നാൽ യഥാർത്ഥത്തിൽ എൻജിനീയറിങ്ങ് – നിർമ്മാണ കമ്പനികളുടേയും അണക്കെട്ടു നിർമ്മാണ ഏജൻസികളുടേയും ജലവിതരണ കോർപ്പറേറ്റുകളുടെയും ഒരു ലോബി ഗ്രൂപ്പ് മാത്രമാണത്. 1996ൽ രൂപീകൃതമായ കൗൺസിലിന്റെ പ്രസിഡണ്ട് ഈജിപ്തിലെ ജലവകുപ്പുമന്ത്രി അബു സെയ്ദും വൈസ് പ്രസിഡണ്ടുമാർ റെനെകൗലോംബും വില്യം കോസ്ഗ്രേവുമാണ്. കൗലോംബ്, സൂയസ് കമ്പനിയുടെ വൈസ് പ്രസിഡണ്ടാണ്. കോസ്ഗ്രേവ്, വേൾഡ് ബാങ്കിന്റെ മുൻ വൈസ് പ്രസിഡണ്ടും.

തദ്ദേശവാസികളുടെ നിയന്ത്രണത്തിലുള്ള ചെറുകിട ജലപദ്ധതികളിലോ മഴവെള്ള സംഭരണ പദ്ധതികളിലോ ഒന്നും താല്പര്യമില്ലാത്ത ഈ സംഘടനയിൽ 300ലേറെ അംഗങ്ങളുണ്ട്. അവരിൽ നമുക്ക് പരിചിതമായ ചില പേരുകൾ മാത്രം പറയാം. ഇന്ത്യയിലെ കേന്ദ്ര ജലവൈദ്യുതി ബോർഡ്, ഇലക്ട്രിസിറ്റി ഡിഫ്രാൻസ്, വിവെൻഡി വാട്ടർ, സൂയസ്, ഇന്റർനാഷണൽ ഹൈഡ്രോപവർ അസോസിയേഷൻ, ജപ്പാൻ ഡാം എഞ്ചിനീയറിങ്ങ് സെന്റർ, മിറ്റ്സിബിഷി ഹെവി ഇൻഡസ്ട്രീസ്, പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സ്, സർദാർ സരോവർ നർമ്മദ നിഗാം, അമേരിക്കൻ സൈന്യത്തിന്റെ ക്രോപ് ഓഫ് എഞ്ചിനീയേഴ്സ്, വേൾഡ് ബാങ്ക്.

1996ൽ തന്നെയാണ് സ്റ്റോക്ഹോം കേന്ദ്രീകൃതമായി ഗ്ലോബൽ വാട്ടർ പാർട്ട്ണർഷിപ്പും (GWP) രൂപം കൊണ്ടത്. "ജല മാനേജ്മെന്റിൽ വ്യാപൃതരാവുന്ന എല്ലാവരു

പത്രാധിപർ : പ്രമോദ് ; ഏകോപനം : റോബിൻ ടൈപ്പ് സെറ്റിങ്ങ് : മൗസ് ആന്റ് മൈന്റ്സ്, തൃശൂർ.
സാങ്കേതിക സഹായം : എൻ.ചന്ദ്രൻ, പി.എ.അശോകൻ, പി.ടി.എം.ഹുസൈൻ, ഡോ.ബേബി എ.എ., വി.എം.ഗിരിജ, ഷീബ അമീർ, പൂജ, തോമസ്, എസ്. ലിമ, അജിലാൽ, മധുരാജ്, എൻ.പി. ജോൺസൺ, ചിറ്റൂർ ഷണ്മുഖദാസ്, വി.എസ്. ഗിരീശൻ, റഫീഖ് അഹമ്മദ് സി.ആർ. നീലകണ്ഠൻ, കെ.എ. സഭ്, എസ്. സുനിൽകുമാർ, അഡ്വ. ആശ, മേഘ, ഡോ. ലത, കെ.എസ്. സുബിർ, അനിവർ അരവിന്ദ്, രമേഷ്, ശ്രീനിവാസൻ ചുരക്കാട്ടുകര, എം. മോഹൻദാസ്, ഡോ. എം.എച്ച്. ഇല്യാസ്, റഫീഖ് വൈപ്പിപ്പാടത്ത്. പി. സുന്ദർരാജ്

ടേയും പങ്കാളിത്ത'ത്തമെന്നാണ് അവർ സ്വയം വിശേഷിപ്പിക്കുന്നത്. വേൾഡ് വാട്ടർ കൗൺസിലിനേക്കാളും സർക്കാരുകളുമായി അടുത്ത ബന്ധം പുലർത്തുന്ന ഗ്ലോബൽ വാട്ടർ പാർട്ട്ണർഷിപ്പിന്റെ ചെയർ പേഴ്സൺ മാർഗരറ്റ് കാൾസൺ, സൂയസ് കമ്പനിയുടെ ജലനയ ഉപദേശക സമിതിയുടെ ചെയർപേഴ്സണും ആണ്!

തങ്ങളുടെ പങ്കാളികൾക്ക് മാർഗരറ്റ് കാൾസൺ എഴുതിയ ഒരു കത്ത് തന്റെ സംഘടനയുടെ പ്രധാന താല്പര്യങ്ങൾ എന്തെന്ന് വ്യക്തമാക്കുന്നു. ലോകത്തെ ഗ്രസിച്ചിരിക്കുന്ന ജലക്ഷാമത്തിനു പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയാണവർ. 1. ജലമേഖലയിലുള്ള എല്ലാ വിഭാഗങ്ങളും ഒരു മേശയ്ക്കു ചുറ്റും ഇരിയ്ക്കണം. സർക്കാർ സ്ഥാപനങ്ങൾ, അക്കാദമിക്കുകൾ, സമൂഹ നേതാക്കൾ, എൻ.ജി.ഒ.കൾ, കൂടാതെ സ്വകാര്യമേഖലയും 2. ജലമേഖലയിലേക്ക് മൂലധനം ആകർഷിക്കണം. അതിനായി ആഗോളവിപണിയിലെ സാധ്യതകൾ ആരായണം. സ്വകാര്യ മേഖലയുടെ പ്രചണ്ഡമായ ശക്തി ഉപയോഗിക്കണം. 3. ചില അടിസ്ഥാനപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ജനങ്ങളുടെ മനോഭാവം മാറ്റേണ്ടത് അത്യാവശ്യമാണ്. ജലവിതരണത്തിനും ഉപയോഗത്തിനും പണച്ചെലവുണ്ട്. അത് വെറുതെ കിട്ടുന്നതല്ലായെന്ന് അവരെ ബോധവൽക്കരിക്കണം. സ്വകാര്യമേഖലയ്ക്ക് ജലമേഖലയിൽ ചെയ്യാവുന്ന കാര്യങ്ങളെക്കുറിച്ചും അവബോധമുണ്ടാക്കണം.

ജലദൗർലഭ്യത്തെക്കുറിച്ചും, മലിനജലം കുടിക്കുന്നതുകൊണ്ട് വർഷാവർഷം മരിക്കുന്ന കുഞ്ഞുങ്ങളെക്കുറിച്ചും മൃദുത്വവും ദൈന്യതയും കലർന്ന ഭാഷയിൽ പ്രസംഗിക്കാറുണ്ടെങ്കിലും ഗ്ലോബൽ വാട്ടർ പാർട്ട്ണർഷിപ്പിന്റെ ആത്യന്തിക ലക്ഷ്യം വെള്ളത്തിന്റെ സ്വകാര്യവൽക്കരണമാണ്. ഈ സംഘടനയും വേൾഡ് വാട്ടർ കൗൺസിലും ചേർന്ന് ഒരു സമിതിയെ സ്പോൺസർ ചെയ്തിരുന്നു. ജലലഭ്യത-വിതരണ ശൃംഖലയ്ക്കു വേണ്ട സാമ്പത്തിക സഹായമായിരുന്നു വിഷയം. ഐ.എം.എഫ്.ന്റെ മുൻ മാനേജിങ് ഡയറക്ടർ മിഷെൽ കാംദുസ് ആയിരുന്നു ആ സമിതിയുടെ അദ്ധ്യക്ഷൻ. സമിതിയിലെ ഇരുപത് അംഗങ്ങളിൽ ഭൂരിഭാഗവും പ്രധാന വികസനബാങ്കുകളുടെയും സ്വകാര്യ ധനകാര്യസ്ഥാപനങ്ങളുടെയും പ്രതിനിധികളായിരുന്നു. "ജലത്തിനുവേണ്ടിയുള്ള സഹായധനത്തിൽ വർദ്ധനവുണ്ടാകണം. ജലവിതരണരംഗത്തുള്ള സ്വകാര്യ മൾട്ടിനാഷണൽ കമ്പനികൾക്ക് സബ്സിഡി ലഭ്യമാക്കാനും വൻകിട ജലപദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകാനുമാവണം ആ പണം ഉപയോഗിക്കേണ്ടത്" എന്നായിരുന്നു ആ സമിതിയുടെ പ്രധാന നിർദ്ദേശം.

ഗ്ലോബൽ വാട്ടർ പാർട്ട്ണർഷിപ്പിന് ലോകമെമ്പാടും 'സമാനതാല്പര്യങ്ങൾ പങ്കിടുന്നവരും സമാനനയങ്ങൾ പിന്തുടരാൻ ആഗ്രഹിക്കുന്നവരുമായ പങ്കാളികളുണ്ട്. അവരുടെ വെബ്സൈറ്റിൽ 54 പേജുകളിലായി പരന്നു കിടക്കുകയാണ് പങ്കാളികളുടെ ലിസ്റ്റ്. ഇന്ത്യയിൽനിന്നുള്ള നൂറുകണക്കിന് പങ്കാളികളിൽ നമുക്ക് ഏറെ പരിചിതരായ രണ്ടു സംഘടനകളുമുണ്ട്. കേരള സർക്കാരിന്റെ ജലവിഭവവികസന-മാനേജ്മെന്റ് കേന്ദ്രവും (CWRDM) സുനിതാ നാരായന്റെ ശാസ്ത്ര പരിസ്ഥിതി കേന്ദ്രവും (CSE). ആക്ഷേപം ഉന്നയിക്കുകയല്ല വെബ്സൈറ്റിൽ കണ്ടത് പറഞ്ഞുവെന്നേയുള്ളൂ.

*കസ്റ്റ്, സി.കെ. ലെയിൻ, എസ്.ആർ.എം. റോഡ്, കൊച്ചി-16*

## ചിറ്റൂരിൽ ഭൂജലചൂഷണം കൃഷിക്കാരോ ?

കേരളത്തിലെ പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ 95% ഭൂഗർഭജലചൂഷണം നടത്തുന്നത് കാർഷികാവശ്യത്തിനാണെന്ന് രാജ്യസഭയിൽ മന്ത്രി ! കൊക്കകോളയും പെപ്സി കോളയും മറ്റനേകം വൻകിട-ചെറുകിട കമ്പനികളും ജലചൂഷണം നടത്തുന്നത് സംബന്ധിച്ച സമരങ്ങൾ നടക്കുമ്പോഴാണ് മുഖ്യമായും കോളകളെ സഹായിക്കാനായി മന്ത്രി ഈ വിശദീകരണവുമായി രംഗത്തെത്തിയത്. മുമ്പൊരിക്കൽ കോളകളിലെ വിഷാംശത്തെ ന്യായീകരിച്ച് കേന്ദ്രമന്ത്രി അൻപുമണി രാംദാസ് വക്കാലത്ത് എടുത്തിരുന്നു. ഇപ്പോൾ ഭീഷണി രൂക്ഷമാണ്. ചിറ്റൂരിൽ ചില കൃഷിക്കാർ കുഴൽക്കിണറുകളിൽനിന്ന് ജലസേചന ആവശ്യത്തിന് വെള്ളമെടുക്കുന്നുണ്ട്. വാസ്തവത്തിൽ ഭൂഗർഭജലം വളരെ സൂക്ഷിച്ച് ഉപയോഗിക്കേണ്ട സംരക്ഷിത നിക്ഷേപമാകേണ്ടതാണ്, ഒരു ഖനിപോലെ. എന്നാൽ കൃഷിയ്ക്കുപയോഗിക്കുന്ന വെള്ളം (തെങ്ങ്, നെല്ല്, മറ്റുവിളകൾ) അവിടെത്തന്നെ മിക്കവാറും തിരിച്ചെത്തുന്നു. പക്ഷേ, കോള പോലുള്ള കമ്പനികളുടെ ഉല്പന്നങ്ങൾ വഴി വെള്ളം കൊള്ള ചെയ്യപ്പെടുകയാണ്. കൃഷിക്കാരനും തൊഴിലാളിയും ഉപജീവനമാർഗ്ഗമായാണ് ഇതു ചെയ്യുന്നത്. എന്നാൽ അനാവശ്യ വസ്തു ഉല്പാദിപ്പിക്കാനും കൊള്ളലാഭത്തിനും കോള വെള്ളമെടുക്കുന്നു. താരതമ്യം പറ്റാത്ത ഒരു വിഷയത്തെ, കോളകളെ രക്ഷപ്പെടുത്താൻ വാദം കൊണ്ടുവരുന്ന അധികാരികൾക്കെതിരെ ജനരോഷം ഉയരേണ്ടതാണ്. എന്നാൽ അപകടകരമായ മന്ത്രിപ്രസ്താവനയ്ക്ക് പ്രതികരണങ്ങൾ ഇനിയും ഉണ്ടായിട്ടില്ല. ഇത് സാധാരണക്കാരുടെ അടിസ്ഥാന വികസനപ്രശ്നമായി കരുതി നമ്മൾ തന്നെ രംഗത്ത് വരേണ്ടതുണ്ട്... ജനകീയ ജലാധികാരത്തിനായി.


**കേരളീയം പ്രത്യേക ലക്കങ്ങൾ പ്രതീക്ഷിക്കുക**

- മനുഷ്യബോധം എന്ന അത്ഭുതം
  മുഖ്യലേഖനം/പഠനം: കെ.എ. ജയശീലൻ
  കുറിപ്പ്, പഠനം, നിരീക്ഷണം, അഭിമുഖം, പുസ്തകപരിചയം, ലേഖനം....
  ഗസ്റ്റ് എഡിറ്റർ : മുകുന്ദനുണ്ണി
- ആയുർവ്വേദത്തിന്റെ ആരോഗ്യം?
  ഗസ്റ്റ് എഡിറ്റർ : ഡോ. എം. പ്രസാദ്
- സാമ്പത്തിക പതിപ്പ്-ധനകാര്യസ്ഥാപനങ്ങൾ
  ഗസ്റ്റ് എഡിറ്റർ : ഡോ. സെബാസ്റ്റ്യൻ ചിറ്റിലപ്പിള്ളി
- കൃഷിയുടെ വർത്തമാനം, ഭാവി-ഗസ്റ്റ് എഡിറ്റർ : എസ്. ഉഷ